# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3214 14.07.2015 ൽ മറുപടിക്ക്

**തീരദേശ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | തീരദേശ ട്രെയിൻ സർവ്വീസുകളുടെ പ്രശ്നങ്ങളും തീരദേശ റെയിൽവേ സ്റ്റേഷനുകളുടെ പോരായ്മകളും സംബന്ധിച്ച് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങളും അപേക്ഷകളുമാണ് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | തീരദേശ ട്രെയിൻ സർവ്വീസുകളുടെ പ്രശ്നങ്ങളും തീരദേശ റെയിൽേവ സ്റ്റേഷനുകളുടെ പോരായ്മകളും സംബന്ധിച്ച് പ്രത്യേകമായി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ബഹു. എം.പിമാരും മറ്റു ബന്ധപ്പെട്ടവരും മുന്നോട്ടുവയ്ക്കുന്ന റെയിൽവേ സ്റ്റേഷനുകളുടെ വികസനം ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ റെയിൽവേ ശൃംഖലയുടേയും സമഗ്രമായ വികസനത്തിന് സംസ്ഥാനത്തിനായി പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളായ തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഏകദേശം 10 കോടി രൂപ റെയിൽവേയ്ക്ക് നൽകുകയും റെയിൽവേ പണികൾ നടപ്പിലാക്കാനുള്ള നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആലപ്പുഴ, ചേർത്തല ഭാഗങ്ങളിലെ തീരദേശ റെയിൽ പാതയിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലധികവും കാലപ്പഴക്കം മൂലം അപകട സാധ്യത കൂടിയവയാണെന്നും പല കോച്ചുകളിലും ടോയ്ലറ്റ്, ലൈറ്റ്, ഫാൻ എന്നീ സൗകര്യങ്ങൾ പോലു മില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോരായ്മകൾ പരിഹരിച്ചു കിട്ടുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ ; | (ബി) | ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.<br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റുക;<br>(ii) തിരുവനന്തപുരത്തേയും എറണാകുള ത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തുക;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കുക;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുക.<br>2015-16 - ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടു വന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തു വരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽ തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തു വരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പു വരുത്തുവാനുമുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| **(സി)** | തീരദേശ റെയിൽ പാതയിലൂടെ സർവ്വീസ് നടത്തുന്ന പല ട്രെയിനുകളും മറ്റ് മേഖലകളിലൂടെ പോകുന്ന ട്രെയിനുകൾക്കുവേണ്ടി | **(സി)** | ഉണ്ട്. ട്രെയിനുകൾ സ്ഥിരമായി വൈകാറില്ല എന്നും സാങ്കേതിക തടസ്സങ്ങൾ കാരണം ചിലപ്പോൾ വൈകാറുണ്ടെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. ആലപ്പുഴ വഴി ഓടുന്ന ട്രെയിനുകൾ കൃത്യസമയം പാലിക്കുന്നുണ്ടെന്ന് |

| | | | |
|---|---|---|---|
| | പിടിച്ചിടുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ തീരദേശ റെയിൽ പാതയിലെ സ്ഥിരം ട്രെയിൻയാത്രക്കാർക്കുണ്ടാകുന്ന കഷ്ടപ്പാടും അവർക്ക് കൃത്യസമയത്ത് ലക്ഷ്യത്തിലെത്താൻ കഴിയാത്തതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | | **ഉറപ്പുവരുത്തണമെന്ന്** സംസ്ഥാന സർക്കാർ **റെയിൽവേ ബോർഡ് ചെയർമാനോട് മുമ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോൾ ഇക്കാര്യം വീണ്ടും റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.** |

**സെക്ഷൻ ഓഫീസർ**